## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1848** **07.03.2018 ൽ മറുപടിയ്ക്ക്**

### സാമൂഹ്യനീതി വകുപ്പിലെ ക്ലാർക്ക് നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.എം. കെ. മുനീർ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പിൽ വയനാട് ജില്ലയിലെ ഓഫീസുകളിൽ 3-1-2014 തീയതിക്ക് ശേഷം പി.എസ്.സി. മുഖേന ക്ലാർക്ക് തസ്തികയിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; | (എ) | ഒരു നിയമനം നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഓഫീസുകളിൽ 3-1-2014 തീയതിക്ക് ശേഷം അന്തർ ജില്ലാ സ്ഥലംമാറ്റം വഴി ക്ലാർക്ക് തസ്തികയിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്; | (ബി) | ഒരു നിയമനം നടന്നിട്ടുണ്ട്. |
| (സി) | സാമൂഹ്യനീതി വകുപ്പിൽ വയനാട് ജില്ലയിൽ സ ഉ (പി) നം 1/2014/ഉ.ഭ.പ.വ; തീയതി 3-1-2014-ലെ ഉത്തരവ് പ്രകാരം ക്ലാസ് IV (ലാസ്റ്റ് ഗ്രേഡ്) ജീവനക്കാർക്ക് തസ്തികമാറ്റം വഴി ക്ലാർക്ക് തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക്; പേരുവിവരം ലഭ്യമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | 3-1-2014 ന് ശേഷം ആദ്യം ഒഴിവ് വരുന്ന ക്ലാർക്ക് തസ്തിക Class IV (ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ബൈട്രാൻസ്ഫർ നിയമനത്തിന് വേണ്ടി മാറ്റി വയ്ക്കണമെന്ന പ്രസ്തുത സർക്കാർ ഉത്തരവ് മറി കടന്ന് പി.എസ്.സി. വഴിയും അന്തർ ജില്ലാ സ്ഥലം മാറ്റം വഴിയും സാമൂഹ്യനീതി വകുപ്പിൽ വയനാട് ജില്ലയിലെ ഓഫീസുകളിൽ ക്ലാർക്ക് തസ്തികയിൽ നടത്തിയ നിയമനങ്ങൾ പുനഃക്രമീകരണം നടത്തുമോ; | (ഡി) | നിലവിൽ ക്ലാർക്ക് തസ്തികയിൽ 7 പേരും ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ 3 പേരും സീനിയർ ക്ലാർക്ക് തസ്തികയിൽ 8 പേരുമാണ് സേവനമനുഷ്ഠിക്കുന്നത്. ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒരൊഴിവ് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള 7 ക്ലാർക്കുമാരിൽ 2 പേർക്ക് പ്രൊമോഷൻ ലഭിയ്ക്കുന്ന മുറയ്ക്ക് കേഡർ സ്ട്രെങ്ത് കഴിഞ്ഞ് നിൽക്കുന്ന രണ്ട് തസ്തികകൾ പുന:ക്രമീകരിക്കുവാൻ കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | വയനാട് ജില്ലയിലെ Class IV (ലാസ്റ്റ് ഗ്രേഡ്) ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ആരെങ്കിലും സാമൂഹ്യനീതി ഡയറക്ടർക്ക് ക്ലാർക്ക് തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനത്തിന് വേണ്ടി അപേക്ഷ നൽകിയിട്ടുണ്ടോ; | (ഇ) | ഉണ്ട്. |
| (എഫ്) | സാമൂഹ്യനീതി ഡയറക്ടറേറ്റിലെ E4-21384/117 20/5/2017 നമ്പർ ഫയലിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? വ്യക്തമാക്കുമോ ? | (എഫ്) | 03.01.2014 ലെ സ.ഉ(പി) നം.1/14/ഉ.ഭ.പ.വ. പ്രകാരം ക്ലാർക്ക് തസ്തികയുടെ 10% ഒഴിവുകളിൽ വയനാട് ജില്ലയിൽ ബൈട്രാൻസ്ഫർ നിയമനത്തിന് അർഹത ഉണ്ടായിരുന്നത് മാനന്തവാടി അഡീഷണൽ ഐ.സി.ഡി.എസ്.ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.നിസാർമണിമയ്യാ യിരുന്നു. വയനാട് ജില്ലയിൽ ക്ലാർക്കിന്റെ ഒഴിവ് നിലവിലില്ലാതിരുന്ന സാഹചര്യത്തിലും ശ്രീ.നിസാർമണിമ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ സേവനമനുഷ്ഠിക്കാൻ സമ്മതമാണെന്ന് അറിയിച്ച് 01.10.2017 ൽ നൽകിയ സമ്മതപത്രത്തിന്റെ അടിസ്ഥാന ത്തിലും ടിയാനെ സാമൂഹ്യ നീതി ഡയറക്ടറുടെ 06.02.2018 ലെ ഇ 4-21384/17 ഉത്തരവ് പ്രകാരം ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിയമിച്ചു. വയനാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ അധികമായി നിലനിൽക്കുന്ന 2 അധിക തസ്തികകൾ ക്രമീകരിച്ച ശേഷം ആദ്യമുണ്ടാകുന്ന ഒഴിവിൽ ശ്രീ. നിസാർമണിമയ്ക്ക് സ്ഥലം മാറ്റത്തിന് അർഹത ഉണ്ടായിരിക്കുമെന്നും ക്ലാർക്ക് തസ്തികയിലെ ടിയാളുടെ സീനിയോറിറ്റി വയനാട് ജില്ലയിൽ നിലനിൽക്കുമെന്ന നിബന്ധനയോടെയുമാണ് ബൈട്രാൻസ്ഫർ നിയമനം നൽകിയിട്ടുള്ളത്. ഇത്രയും നടപടികളാണ് ഇ 4-21384/17 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.